## പാലക്കുഴ സി ഡി എസ് കോവിഡ് കാല പ്രവർത്തനങ്ങൾ

# ആമുഖം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്കിലെ നല്ലരീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന സി ഡി എസ് ആണ് **പാലക്കുഴ.** നാളിതുവരെ കുടുംബശ്രീ പ്രവർത്തനങ്ങൾ എല്ലാം തന്നെ വളരെ ഊർജ്ജ്വസ്വലതയോടെ മനസിലാക്കി ചെയ്യാനായിട്ട് സി ഡി എസ് ചെയർപേഴ്സൺ അടക്കമുള്ള ഭരണസമിതി പ്രേത്യേകം ശ്രെദ്ധ കൊടുത്തിട്ടുണ്ട് . നിലവിൽ **107 അയൽക്കൂട്ടങ്ങൾ**, **വയോജന അയൽക്കൂട്ടം 10, ബാലസഭ 27** എന്നിവ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു ,കോവിഡ് കാലം എല്ലാ അയക്കൂട്ടങ്ങളെയും ഏറക്കുറെ ബാധിച്ചു എന്ന് തന്നെ പറയാം .പക്ഷെ അതിൽ നിന്നും ഒന്നിച്ചുള്ള സി ഡി എസ് ന്റെ പ്രവർത്തനമികവ് ഇവരെ കരകയറ്റി എന്ന് പറയാൻ സാധിക്കും

# പ്രധാന പ്രവർത്തനങ്ങൾ

### കമ്മ്യൂണിറ്റി കിച്ചൺ

കോവിഡ് കാലത്തു ചെയ്ത പ്രധാനപ്രവർത്തനങ്ങൾ ഒന്നായ കമ്മ്യൂണിറ്റി കിച്ചൺ പഞ്ചായത്തുമായി സഹകരിച്ചു **51 ദിവസം** നടത്തുകയുണ്ടായി ,ഈ പ്രവർത്തനങ്ങളിൽ നമ്മുടെ **സംരംഭകർ , JLG ഗ്രൂപ്പുകൾ ,CDS മെംബേർസ്** എന്നിവരുടെ അകമഴിഞ്ഞ പ്രവത്തനങ്ങൾ നടത്തി . ഇതുമൂലം **4124 ഭക്ഷണപ്പൊതികൾ** വിതരണം ചെയ്തു വിതരണം ചെയ്തു



# മാസ്ക് നിർമ്മാണം

വളരെ അടിയന്തിരമായി മാസ്‌കുകൾ നിർമിക്കുന്ന ഗ്രൂപ്പുകൾ ഇടപെടലുകൾ നടത്തണം എന്ന് ജില്ലാമിഷൻ അറിയിപ്പ് നൽകിയ അന്നുമുതൽ ഈ പ്രവർത്തനങ്ങൾ ഭംഗിയോടു കൂടി തുടരുന്നു . 4 ME സംരഭകർ ആണ് ഇത് ഏറ്റെടുത്തു ചെയ്തത് ഇതുവരെ **2060** മാസ്‌കുകൾ നിർമിച്ചു നൽകാൻ കഴിഞ്ഞു ,ഈ സമയത്തു ഒരു അധിക വരുമാനം അവര്ക് ലഭിക്കുകയുമുണ്ടായി



# ക്ലീനിങ്

ഹെൽത്ത് ഡിപ്പാർട്മെന്റുമായി ചേർന്നു 13 വാർഡുകളിലെ , പൊതു ഇടങ്ങളിലും എല്ലാ വീടുകളിലും പരിസരങ്ങളിലും ക്ലീനിങ് പ്രവർത്തനങ്ങൾ ചെയ്യാനായിട്ട് സാധിച്ചു .പഞ്ചായത്തിന്റെ പ്രത്യേക അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയുണ്ടായി . ഇതുമൂലം ഈ സമയങ്ങളിലെ പകർച്ചവ്യാധികൾ കുറക്കുവാനായിട്ട് സാധിച്ചു



## കൃഷി വ്യപനം

കൃഷിവകുപ്പുമായി ചേർന്ന് 80 അയൽക്കൂട്ടങ്ങൾക്കും ,65 JLG ഗ്രൂപ്പുകൾക്കും പച്ചക്കറിത്തൈയ്കൾ വിതരണം നടത്തി , കൊറോണ സമയത്തു കൃഷിവ്യപിപ്പിക്കുക എന്ന ലക്ഷ്യം ഇതുമൂലം കൈവരിക്കാൻ സാധിച്ചു . കൂടാതെ ജില്ലാമിഷന്റെ പ്രത്യേക മത്സരം എന്റെ മണ്ണ് എന്റെ അടുക്കള എന്ന പ്രോഗ്രാമിൽ ഇവിടെ നിന്നും ആളുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു

## മുഖ്യമന്ത്രിയുടെ സഹായഹസ്തം

കോവിഡ് കാലത്തു ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്കു സാമ്പത്തികസഹായം നല്കുക ഈ പ്രവർത്തനങ്ങൾ ഇവിടെയും നല്ലരീതിയിൽ പ്രവർത്തനം കാഴ്ചവെക്കാൻ സാധിച്ചു ജില്ലാമിഷനിൽ നിന്നും അനുവദിച്ചുതന്ന **5400000 ലക്ഷം** രൂപ സമയബന്ധിതമായി അർഹതപെട്ടവരെ കണ്ടെത്തി അപേക്ഷകൾ ബാങ്കിൽ കൊടുത്തു തീർക്കാനായിട്ട് സാധിച്ചു

## സപ്ലൈകോ വഴിയുള്ള കിറ്റ്പാക്കിങ്

ഭഷ്യ ധാന്യകിറ്റ് പാക്കിങ്ങിനായിട്ട് സി ഡി എസ് ചെയർപേഴ്സൺ അടക്കം എല്ലാം മെമ്പേഴ്‌സും ഒന്നിച്ചുനിന്നുകൊണ്ട് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചു

## പൊതുപ്രവർത്തനങ്ങൾ

വയോജന ആൾക്കൂട്ടങ്ങൾ സന്ദർശിച്ചു അവർക്കുവേണ്ട സഹായങ്ങൾ ചെയ്യാനായിട്ട് സി ഡി എസ് നു സാധിച്ചു .അവരുടെ ആവശ്യങ്ങൾ ചോദിച്ചുമനസിലാക്കി മുന്പോട്ടുള്ള ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ കോവിഡ് കാലത്തു സാധിച്ചു . കോളിങ് ബെൽ ഉപാഫോക്താക്കളെ സന്ദർശിച്ചു അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്തുകൊടുത്തു ,ഫോണിലൂടെയും ,സി ഡി എസ് മെമ്പർമാരുടെ നേരിട്ടുള്ള സന്ദർശനത്തിലൂടെയും അവരെ അറിയാൻ ശ്രെമിച്ചു . ബാലസഭാ കുട്ടികളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായിട്ട് അവരെ കൊണ്ട് കൃഷിചെയ്യിപ്പിക്കുകയും ചെയ്തു . പാലക്കുഴ സി ഡി എസ് ന്റെ പരിധിയിൽ ക്വാറന്റൈനിൽ കഴിയുന്ന 28 ആളുകളുടെ മനസികമായിട്ടുള്ള ബുദ്ധിമുട്ടകൾക് ഒരു പരിധിവരെ ഹെൽത്ത് ഡിപ്പാർട്മെന്റുമായി ചേർന്ന് നമ്മുടെ ജൻഡർ ഹെൽപ്ഡെസ്‌കുമായി ചേർന്ന് നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചു .മാനസികപിന്തുണയും നൽകിവരുന്നു . നാളിതുവരെയായിട്ട് കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ ആണ് ഇതൊക്കെ.

സി ഡി എസ് ചെയർപേഴ്സൺ : **ബീന സണ്ണി**
ഫോൺ നമ്പർ : 99473 27664
MKSP BC : **സുനോജ്.M.K**
ഇടപ്പള്ളി & പള്ളുരുത്തി ബ്ലോക്ക്
ഫോൺ നമ്പർ :7034077660